**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – മലപ്പുറം ജില്ല – സർവ്വോദയ മേളയ്ക്ക് ധനസഹായം - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ.) നം. 156/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 19/01/2017

---

പരാമർശം:- 1) കേരള സർവ്വോദയ മണ്ഡലം സംസ്ഥാന പ്രസിഡന്റിന്റെ 09/01/2017 ലെ കത്ത്.
2) സ.ഉ.(എം.എസ്) 56/06/തസ്വഭവ തീയതി 16/02/2006.

**ഉത്തരവ്**

69-ാമത് തിരുനാവായ സർവ്വോദയ മേള 2017 ഫെബ്രുവരി 10,11,12 തീയതികളിൽ നടക്കുകയാണെന്നും തിരൂർ, പൊന്നാനി താലൂക്കുകളുടെ പഞ്ചായത്തുകൾ അവരുടെ തനത് ഫണ്ടിൽ നിന്ന് മേളയ്ക്ക് 20000/- രൂപയുടെ ധനസഹായം നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകണമെന്നതാണ് പരാമർശ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2017 ഫെബ്രുവരി 10,11,12 തീയതികളിൽ നടക്കുന്ന 69-ാമത് തിരുനാവായ സർവ്വോദയ മേളയ്ക്ക് തിരൂർ, പൊന്നാനി താലൂക്കുകളിലെ പഞ്ചായത്തുകളിൽ നിന്നും 20,000/- (ഇരുപതിനായിരം രൂപ മാത്രം) സംഭാവന നൽകുന്നതിന് അവരവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം (2) ലെ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സംഭാവന നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർവ്വോദയ മണ്ഡലം പ്രസിഡന്റ് വരവ് ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിൽ ധനവിനിയോഗ സാക്ഷ്യ പത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.ഡി. സുനിൽകുമാർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
പ്രസിഡന്റ്, കേരള സർവ്വോദയ മണ്ഡലം സംസ്ഥാന സമിതി, ഗാന്ധിഭവൻ, തൈക്കാട്, തിരുവനന്തപുരം.
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.